**Paper Code No.: 35**

**A**

**HSE (I)**

# ഹയർ സെക്കന്ററി അർധവാർഷിക പരീക്ഷ 2017-2018

# മലയാളം ഐച്ഛികം

സമയം : 2½ മണിക്കൂർ

ആകെ സ്കോർ : 80

**പൊതുനിർദ്ദേശങ്ങൾ**

- ഉത്തമെഴുതുന്നതിനുമുമ്പായി ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കേണ്ടതാണ്.
- അതിനായി നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനുട്ട് അധിക സമയം ഉണ്ടായിരിക്കും.
- എല്ലാ വിഭാഗത്തിലും നിർദ്ദേശിച്ചുള്ള എണ്ണം ചോദ്യങ്ങൾക്കു മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

**(ഒന്നുമുതൽ പത്തുവരെ ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് ഉത്തരമെഴുതുക.) (2 x 8 = 16)**

1. "ചൈതന്യമുള്ള ഈ ചെറുപ്പക്കാരുമായി അടുത്തിടപഴകാൻ എന്തുകൊണ്ടോ എനിക്കു കഴിയുന്നില്ല. അതെന്റെ ദുഃഖമാണ്... സമൃദ്ധമായ കുടുമയിൽ നിന്നും വെറും ക്രാപ്പിലെത്തി നിൽക്കാനേ കഴിയുന്നുള്ളൂ. സ്റ്റെപ്പ്കട്ടിലേക്കിറങ്ങാൻ കഴിയുന്നില്ല." ഈ വാക്യങ്ങളിൽ തെളിയുന്ന മനോഭാവം എന്താണ്? രണ്ടെണ്ണം എടുത്തെഴുതുക.
   - തലമുറകൾ തമ്മിലുള്ള അന്തരം.
   - പുതിയ തലമുറ പഴയ തലമുറയെ അവഗണിക്കുന്നു.
   - മാറ്റത്തെ അംഗീകരിക്കുന്നുണ്ടെങ്കിലും പൊരുത്തപ്പെടാനാകുന്നില്ല.
   - മാറ്റത്തിന്റെ സ്വാഭാവികത അംഗീകരിക്കുന്നു.
2. താഴെ കൊടുത്തിട്ടുള്ളവയിൽ നിന്ന് ദൃശ്യബിംബവും സ്പർശബിംബവും തെരഞ്ഞെടുക്കുക.
   - പക്ഷിത്തൂവലുകളുടെ മണം
   - സാരിയുടെ മഞ്ഞകലർന്ന തവിട്ടു നിറം
   - കൈവിരലുകളുടെ മുകൾഭാഗത്തെ കനത്ത രോമങ്ങൾ
   - പഴത്തോട്ടങ്ങളുടെ മധുരമായ മണം.
3. "ഒരു പിഞ്ചുകുഞ്ഞിന്റെ കയ്യിനോളം വരും ഓരോ കൊഞ്ചും" തങ്കച്ചന്റെ ഈ പ്രയോഗം കഥാനായകനെ നടുക്കിക്കളഞ്ഞതിന് കാരണം എന്നാവാം?
4. ദന്ത്യം, താലവ്യം എന്നീ വിഭാഗങ്ങളിൽപ്പെടുന്ന വർഗാക്ഷരങ്ങൾ എഴുതുക.
5. സംഭാഷണ ഭാഷയുടെ ഏതെങ്കിലും രണ്ടു സവിശേഷതകൾ എഴുതുക.

   മാതൃക : സ്വതന്ത്രമായ പറച്ചിൽ
6. രമ്യോപന്യാസം എന്ന ശാഖയ്ക്ക് ചേരുന്ന ഏതെങ്കിലും നാല് ഘടകങ്ങൾ എഴുതുക.

   മാതൃക : അനൗപചാരികത
7. "തുലഞ്ഞു തൂങ്ങി, കാഞ്ഞീലേ, യി-<br>ച്ചരൽപ്പറമ്പിൻ പാർശ്വത്തിൽ<br>നിങ്ങൾക്കുള്ള ബലിക്കല്ലിൻ പടി<br>ചെമ്മുകിലിഴുകിയ പകലോനെ?"

   ഈ വരികളിലെ ആശയഭംഗി വിവരിക്കുക.
8. "എന്തിനി വേണ്ടൂ എന്നറിയാത്തവണ്ണം കണ്ണുനിറച്ച് ഞാനങ്ങനെ ഒഴുക്കു നിലച്ചവനെപ്പോലെ നിന്നു." അടിവരയിട്ട പ്രയോഗത്തിന്റെ സാംഗത്യം എഴുതുക.
9. 'സ്മൃതിപഥം'എന്ന ലേഖനത്തിന്റെ രണ്ടു സവിശേഷതകൾ ചൂണ്ടിക്കാണിക്കുക.

10. "ആരു ചവിട്ടിത്താഴ്ത്തിലുമഴലിൻ
പാതാളത്തിലൊളിക്കിലുമേതോ
പൂർവ്വസ്മരണയിലാഹ്ളാദത്തിൻ
ലോകത്തെത്തും മാനവഹൃദയം."

ഈ വരികളിൽ കാണുന്ന ഐതിഹ്യസൂചന വ്യക്തമാക്കുക.

**(11 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് ഉത്തരമെഴുതുക)**

**(4 x 8 - 32 )**

11 "വാച്ചും നാഴികമണിയുമൊന്നുമില്ലാതെ സമയം കൃത്യമായി പറയാൻ പണ്ടത്തെ കർഷകർക്ക് കഴിഞ്ഞിരുന്നു. ഇന്ന് ആ കഴിവ് ഇല്ലാതായിരിക്കുന്നു." ഈ മാറ്റത്തിന് എന്തൊക്കെയാണ് കാരണമായിട്ടുണ്ടാവുക? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

12 "ജീവിക്കുകയും പ്രണയിക്കുകയും പ്രസവിക്കുകയും ചെയ്ത മണ്ണ്" (മാതൃസന്നിധാനത്തിൽ) (ഈ സൂചന നൽകുന്ന അർത്ഥതലം വിശദമാക്കുക.

13 ലഘുവിവരണം തയാറാക്കുക (ഏതെങ്കിലും ഒരെണ്ണം)

1) ഓട്ടിസം - കീം പീക്ക്

2) ഹോമർ - ഒഡീസിയൂസ്

14 'പക്ഷിയുടെ മണം' എന്ന കഥയിൽ Dying എന്ന പദത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന അർഥസാധ്യതകൾ വിശദമാക്കുക.

15 "പുതിയ വീടിന്റെ പൂമുഖച്ചുമരിൽ തൂക്കാൻ ഒരു കഥകളിത്തല വേണം എന്ന ഭാര്യയുടെ ആവശ്യമാണ് കൊമ്പെഴുന്ന ഒരു സ്വപ്നമായി പരിണമിച്ചത്." (അമേരിക്ക)

ഒരു സംഭവം സ്വപ്നമായി പരിണമിക്കുന്നതിന്റെ ഔചിത്യം പരിശോധിക്കുക.

16 സംവൃതോകാരം എന്താണെന്നു വിശദമാക്കി കുറിപ്പ് തയാറാക്കുക.

17 വാമൊഴി വരമൊഴി ദ്വന്ദ്വത്തെ കലരാതെ നിറുത്തുന്ന ഇരട്ടമൊഴിത്തം മലയാളത്തിൽ എന്തുമാത്രം പ്രകടമാണ്. വ്യക്തമാക്കുക.

18 അമ്മമാരുടെ മുഗ്ധതകൾക്കി-
ങ്ങവസിതിയുണ്ടോ ഭുവനത്തിൽ
തന്നെത്തന്നേ തീറ്റ കൊടുത്തിവർ
പോറ്റിയെടുപ്പീലാരാരെ?

ആടിനെ, യരചനെ, യിടയനെ നീ പെ-
ണ്ണാടേ പെറ്റൂ പല പേരെ;
നേടിയതെന്തപവർഗമിതേവരെ
നെടുതാം വീർപ്പുകളല്ലാതെ?

മാതൃത്വത്തെ സംബന്ധിച്ച എന്തെല്ലാം ആശയമാണ് ഇവിടെ പ്രകടമാകുന്നത്? വിശദമാക്കുക.

19 "നിഷ്കപടമായ മനസ്സിന്റെ എഴുത്താണ് ഫോട്ടോ" - ഈ പ്രസ്താവനയോടു നിങ്ങൾ യോജിക്കുന്നുണ്ടോ? അഭിപ്രായം എഴുതുക.

20 "ഓർമ്മ ഒരു ശക്തിയോ ശാപമോ ആകാം...... സ്നേഹത്തിന്റെ മനോഹാരതിയുണ്ടെങ്കിൽ ഓർത്തു പോകും എന്നെന്നും" ഓർമ്മയെ സംബന്ധിച്ച ഈ നിരീക്ഷണത്തിന്റെ സാധുത പരിശോധിക്കുക.

**(21 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക)**

**(8 x 3 = 24)**

21
- ഏഴുനിലകളും ഇരുന്നൂറിലധികം മുറികളും വളരെയധികം വരാന്തകളുമുള്ള കൂറ്റൻ കെട്ടിടം.
- ഡൈയിംഗ് (Dying) എന്നെഴുതിയ ബോർഡ്
- അവൾ അകപ്പെട്ട മദ്യപിക്കുന്ന ചെറുപ്പക്കാരന്റെ മുറി
- കേടുപറ്റിയ ലിഫ്റ്റ് (പക്ഷിയുടെ മണം - മാധവിക്കുട്ടി)

ഭ്രമാത്മകമായ അന്തരീക്ഷ സൃഷ്ടിക്ക് ഇവ എന്തുമാത്രം അനുയോജ്യമായിരിക്കുന്നു ചർച്ച ചെയ്യുക.

22 മോതിരം എന്ന കഥയിലെ കുഞ്ഞിക്കാവമ്മയുടെയും കുഞ്ചുനായരുടെയും അടുപ്പത്തെ സ്വാഭാവികമായി അവതരിപ്പിക്കാൻ കഥാകൃത്തിന് എത്രമാത്രം സാധിച്ചിട്ടുണ്ട്? നിരൂപണം തയാറാക്കുക.

23 ഒരു താരകയെ കാണുമ്പോളതു
രാവു മറക്കും, പുതുമഴകാൺകെ
വരൾച്ച മറക്കും, പാൽച്ചിരി കണ്ടതു
മൃതിയെ മറന്നു സുഖിച്ചേ പോകും
പാവം മാനവ ഹൃദയം ....

ഏതു പ്രതിസന്ധിയെയും അതിജീവിച്ചുമുന്നേറാനുള്ള മനുഷ്യന്റെ ഇച്ഛാശക്തിയെ "പാവം മാനവ ഹൃദയം" എന്ന കവിത എങ്ങനെ പ്രതിഫലിപ്പിക്കുന്നു? വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

24 'പറിച്ചു നടീൽ'എന്ന രചനയിൽ കുട്ടനാടിന്റെ പഴയകാലവും മാറിയ കാലവും തകഴി അവതരിപ്പിച്ചിട്ടുണ്ടല്ലോ. ഇതിലൂടെ കേരളത്തിന്റെ പൊതുവായ മാറ്റത്തെ പ്രതിഫലിപ്പിക്കാൻ എത്രമാത്രം കഴിയുന്നു? വിശദമാക്കുക.

**(തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് 25 മുതൽ 27 വെര ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരമെഴുതുക) (8 x 1 = 8)**

മാതൃഭാഷ എന്നത് ഒരു ജനിതകമായ സങ്കൽപ്പമല്ല, സാമൂഹ്യമായ സങ്കൽപ്പമാണ് എന്നതാണ് ഏറ്റവും നിർണായകമായ കാര്യം. 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്ത്യന് പെറ്റമ്മ തൻ ഭാഷ താൻ' എന്ന വള്ളത്തോളിന്റെ വരികൾ മുൻനിർത്തിയാണ് നാം മാതൃഭാഷയെ നിർവചിക്കാറുള്ളത്. പെറ്റമ്മയും പോറ്റമ്മയും തമ്മിലുള്ള വ്യത്യാസമായി ഇതു വിശദീകരിക്കപ്പെടാറുണ്ട്. ദേശീയ സമരത്തിന്റെ മൂല്യമുൾക്കൊണ്ട് അന്ന് വള്ളത്തോൾ എഴുതിയ ഈ വരികൾ ജനാധിപത്യപരമായ യുക്തിയനുസരിച്ചും ശാസ്ത്രീയമായ അർഥത്തിലും ഇന്ന് പൂർണമായ ശരി ഉൾക്കൊള്ളുന്നതല്ല. മാതൃഭാഷ ജനിതകമാണ് എന്ന ധാരണയാണ് അതിനെ മണ്ണിന്റെ മക്കൾ വാദമായും മറ്റു ജനതകൾക്കെതിരെയുള്ള സമീപനമായും വളരുന്നത്. ഈ ധാരണയാണ് ഭാഷാവാദത്തെ പാരമ്പര്യത്തിലൂന്നിയ സ്വത്വവാദമായി തെറ്റിദ്ധരിപ്പിക്കുന്നതും. അമ്മയിൽ നിന്ന് ജനിതകമായി കൈമാറി വരുന്നതല്ല മാതൃഭാഷ എന്നു തിരിച്ചറിയേണ്ടതുണ്ട്. ജനാധിപത്യവൽക്കരണത്തിന്റെയും വ്യക്തിയുടെ സാമൂഹ്യവൽക്കരണത്തിന്റെയും അനിവാര്യമായ ഉപാധിയാണ് മാതൃഭാഷയ്ക്കു വേണ്ടിയുള്ള വാദമെന്ന് വ്യക്തമാകുകയും ചെയ്യും. ഏതു ഭാഷയാണോ ഒരു ശിശു തൊട്ടടുത്ത സാഹചര്യങ്ങളിൽ നിന്ന് ആർജ്ജിക്കുന്നത് ആ ഭാഷയാണ് മാതൃഭാഷ. തമിഴ്നാട്ടിലെയോ ബീഹാറിലെയോ തൊഴിലാളികളുടെ മക്കൾ മലയാളപരിസരത്ത് വ്യക്തികളെന്ന നിലയിൽ ജീവിക്കുമ്പോൾ അവരുടെ മാതൃഭാഷ മലയാളമാണ്. അതുപോലെ വിദേശത്ത് വ്യക്തികളെന്ന നിലയിൽ താമസിക്കുന്ന മലയാളി ദമ്പതിമാരുടെ മക്കൾ അവിടെത്തന്നെ വളരുകയാണെങ്കിൽ അവരുടെ മാതൃഭാഷ അതതിടത്തെ ഭാഷയായിരിക്കും. വ്യക്തിപരിസരമല്ല, സാമൂഹ്യപരിസരമാണ് ഒരു ഭാഷയെ മാതൃഭാഷയാക്കുന്നത്.

25 വള്ളത്തോളിന്റെ വരികൾ ജനാധിപത്യയുക്തിയിലും ശാസ്ത്രീയമായ അർഥത്തിലും പൂർണമായ ശരി ഉൾക്കൊള്ളുന്നില്ല എന്നു പറയാൻ കാരണമെന്ത്? (2)

26 'മാതൃഭാഷ ജനിതകമാണ്' എന്ന വാദം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എഴുതുക. (2)

27 ഒരു ഭാഷ മാതൃഭാഷയാകുന്നതിന്റെ ശരിയായ യുക്തി എന്താണെന്ന് വിശദമാക്കുക (4)

HSE (I)

# ഹയർ സെക്കന്ററി രണ്ടാം വർഷ മൂല്യനിർണയം - 2017

**മലയാളം ഐച്ഛികം** **സമയം: 2½ മണിക്കൂർ**

**സ്കോർ: 80**

| ചോദ്യ നമ്പർ | വിലയിരുത്തൽ സൂചകങ്ങൾ | സ്കോർ വിതരണം | ആകെ സ്കോർ |
|---|---|---|---|
| 1. | തലമുറകൾ തമ്മിലുള്ള അന്തരം<br>മാറ്റത്തെ അംഗീകരിക്കുന്നുണ്ടെങ്കിലും പൊരുത്തപ്പെടാനാകുന്നില്ല | 1<br>1 | 2 |
| 2. | ഗന്ധബിംബങ്ങൾ - പക്ഷിത്തൂവലുകളുടെ മണം<br>പഴത്തോട്ടമണം<br>ദൃശ്യബിംബങ്ങൾ - കൈവിരലുകൾ....<br>- സാരിയുടെ മഞ്ഞ... | 1<br>1 | 2 |
| 3. | ദയയില്ലാത്ത പ്രയോഗമായി തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ | 2 | 2 |
| 4. | ദന്ത്യം - 'ത' വർഗം<br>താലവ്യം - 'ച' വർഗം | 1<br>1 | 2 |
| 5. | • തനതായ രസികത്തം<br>• സ്വതന്ത്രമായ പറച്ചിൽ | 1<br>1 | 2 |
| 6. | • വൈയക്തികാനുഭവം<br>• ആവിഷ്കാരത്തിന്റെ ചാരുത<br>• അനൗപചാരികത<br>• നർമപരത | ½<br>½<br>½<br>½ | 2 |
| 7. | ആശയഭംഗി വിശദീകരിച്ചിട്ടുണ്ടെങ്കിൽ | 2 | 2 |
| 8. | സാംഗത്യം വിശദീകരിച്ചിട്ടുണ്ടെങ്കിൽ | 2 | 2 |
| 9. | ഉചിതമായ ഉത്തരം രണ്ടെണ്ണം എഴുതിയിട്ടുണ്ടെങ്കിൽ | 1<br>1 | 2 |
| 10 | മഹാബലി - ഐതിഹ്യം | 2 | 2 |
| 11 | മാറ്റങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്<br>പൊതുവായ മാറ്റമായി തിരിച്ചറിഞ്ഞിട്ടുണ്ട് | 2<br>2 | 4 |
| 12 | നാടിന്റെ സവിശേഷതയായി തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ<br>സ്വാഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട് | 2<br>2 | 4 |

| | | | |
|---|---|---|---|
| 13 | പരസ്പരം ബന്ധിപ്പിച്ചിട്ടുണ്ട്<br>ഉചിതമായി വിവരിച്ചിട്ടുണ്ട് | 2<br>2 | <br>4 |
| 14 | ചായം കൊടുക്കൽ, മരണം എന്നിവയെ ബന്ധിപ്പിച്ചിട്ടുണ്ട്<br>പ്രാധാന്യം എഴുതിയിട്ടുണ്ട് | 2<br>2 | <br>4 |
| 15 | സ്വപ്നം തിരിച്ചറിഞ്ഞിട്ടുണ്ട്<br>ഔചിത്യം എഴുതിയിട്ടുണ്ട് | 2<br>2 | <br>4 |
| 16 | വിശദീകരിച്ചിട്ടുണ്ടെങ്കിൽ<br>(വിശദീകരണത്തിന് ആനുപാതികമായി) | 4 | 4 |
| 17 | തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ<br>വ്യക്തിമാക്കിയിട്ടുണ്ടെങ്കിൽ | 2<br>2 | <br>4 |
| 18 | മാതൃത്വത്തിന്റെ മഹത്വം തിരിച്ചറിഞ്ഞിട്ടുണ്ട്<br>ഉചിതമായ ആവിഷ്കാരത്തിന് | 2<br>2 | <br>4 |
| 19 | നിഷ്കപടത മനസ്സിലാക്കിയിട്ടുണ്ട്<br>അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട് | 2<br>2 | <br>4 |
| 20 | നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് | 4 | 4 |
| 21 | സൂചകങ്ങൾ തിരിച്ചറിഞ്ഞ് അവതരിപ്പിച്ചിട്ടുണ്ട് | 2 x 4 | 8 |
| 22 | കഥാപാത്രങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്<br>സ്വാഭാവികത മനസ്സിലാക്കിയിട്ടുണ്ട്<br>ഉചിതമായ ആവിഷ്കാരം | 2 + 2<br>2<br>2 | 8 |
| 23 | കവിതയിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്<br>ഇച്ഛാശക്തി അവതരിപ്പിച്ചിട്ടുണ്ട്<br>ഉചിതമായ ആവിഷ്കാരം | 3<br>3<br>2 | 8 |
| 24 | കുട്ടനാട്ടിലെ മാറ്റം തിരിച്ചറിഞ്ഞിട്ടുണ്ട്<br>പൊതുവായ മാറ്റം തിരിച്ചറിഞ്ഞിട്ടുണ്ട്<br>ഉചിതമായ ആവിഷ്കാരം | 3<br>3<br>2 | 8 |
| 25 | ഉചിതമായ ഉത്തരത്തിന് | 2 | 2 |
| 26 | ഉചിതമായ ഉത്തരത്തിന് | 2 | 2 |
| 27 | ഉചിതമായ ഉത്തരത്തിന് | 4 | 4 |